"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.രാജേഷ് ഡി കമലൻ, അസിസ്റ്റന്റ് സർജൻ - നിയമനത്തിനായി കാത്തിരുന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.676/2025/H&FWD തീയതി,തിരുവനന്തപുരം, 06-03-2025

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.10.2023, 28-10-2024 തീയതികളിലെ ഇഎ2-20542/2023/DHS നമ്പർ കത്ത്.

**ഉത്തരവ്**

`ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് ഡോ.രാജേഷ് ഡി കമലൻ-ന് സ്ഥലംമാറ്റം നൽകിയിരുന്നു. എന്നാൽ തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ.വിനായക്.കെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒഎ നം 1008/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി ഉത്തരവിൽ സ്റ്റേ വാങ്ങുകയും ചെയ്തു . തുടർന്ന് ഡോ.രാജേഷ് ഡി കമലന് തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിക്കാനാകാതെ വരികയും ടിയാൻ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ ഓഫീസിൽ റിപ്പോർട്ട് ചെയ്യുകയും ടി ഓഫീസിൽ 05.07.2023 മുതൽ 23.07.2023 വരെ ജോലി ചെയ്യുകയും തുടർന്ന് 24.07.2023 മുതൽ 15.09.2023 വരെ ചെറുന്നിയൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു. തുടർന്ന് ഒഎ നം 1008/2023 നമ്പർ കേസിലെ അന്തിമ ഉത്തരവ് പ്രകാരം സർക്കാർ ഡോ വിനായക് കെ എസ് സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണിക്കുകയും ടിയാന് അടൂർ ജനറൽ ആശുപത്രിയിലെ നിലവിലുണ്ടായിരുന്ന ഒഴിവിൽ നിയമനം നൽകുകയും ചെയ്തതിനെ തുടർന്ന് ഡോ.രാജേഷ് ഡി കമലൻ പള്ളിക്കൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. ഡോ രാജേഷ് ഡി കമലൻ-ന്റെ 05.07.2023 മുതൽ 15.09.2023 വരെയുള്ള കാലയളവ് ക്രമീകരിച്ച് നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ പ്രകാരം

ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ.രാജേഷ് ഡി കമലൻ, അസിസ്റ്റന്റ് സർജൻ , നിയമനത്തിനായി കാത്തിരുന്ന 05.07.2023 മുതൽ 15.09.2023 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം.
ഡോ.രാജേഷ് ഡി കമലൻ, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ് (E 2649921/HLT-B3/616/2023-FIN Dated 15-02-2025 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
Date: 06-03-2025 16:30:59
സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-20542/2023/ആ.വ.ഡ തീയതി:11-03-2025**

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ഓഫീസർ/സ്ഥാപന മേധാവി/ ബന്ധപ്പെട്ട ജീവനക്കാരൻ എന്നിവരുടെ അറിവിലേക്കും, അനന്തര നടപടികൾക്കുമായി നൽകുന്നു .

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി
Signed by V. Gopakumar
Date: 11-03-2025 11:44:43